## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T. 6390 — 03.04.2018-ൽ മറുപടിയ്ക്ക്

### വയനാട് ജില്ലയിലെ വീട്ടി (ഈട്ടി) മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിൽ ജനവാസ കേന്ദ്രങ്ങളിലും മറ്റും കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ വീട്ടി (ഈട്ടി) മരങ്ങളുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) വീട്ടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (ബി) കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2005 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചാണ് സ്വകാര്യ ഭൂമികളിലെ വീട്ടിമരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നത്. |
| (സി) നടപടി ക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം മൂലം വീട്ടിമരങ്ങൾ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) വീട്ടിമരങ്ങൾ യഥാസമയം ലേലം ചെയ്ത് വിൽക്കാൻ സാധിക്കാത്തത് മൂലം വലിയ റവന്യൂ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | വീട്ടിമരങ്ങൾ മുറിച്ച് ലേലം ചെയ്യുന്ന നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | വയനാട് ജില്ലയിൽപ്പെട്ട സ്വകാര്യ സ്ഥലങ്ങളിലും വനഭാഗത്തും ജീവനും സ്വത്തിനും ഭീഷണി ഉയർത്തി നിൽക്കുന്ന വീട്ടി മരങ്ങൾ യഥാസമയം മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വയനാട് കോളോണൈസേഷൻ സ്കീമിലെ പട്ടയഭൂമിയിൽ സർക്കാരിലേക്ക് റിസർവ്വ് ചെയ്തിട്ടുള്ള വീട്ടി മരങ്ങൾ മുറിച്ച് ലേലം ചെയ്ത് വരികയാണ്. റവന്യൂ വകുപ്പിന് കീഴിലുള്ള മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്. ഇത്തരം മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നിയമാനുസരണം വനം വകുപ്പ് നൽകുന്നതാണ്. |
| (എഫ്) | ഏത് കാലം മുതലുള്ള വീട്ടി മരങ്ങളാണ് ലേലം ചെയ്യാൻ വകുപ്പിന്റെ കൈവശം ഉള്ളതെന്നും ഇതിന്റെ മൂല്യം എത്രയാണെന്നും വ്യക്തമാക്കുമോ? | (എഫ്) | മേൽപ്പറഞ്ഞ വീട്ടി മരങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. ഓരോ മരങ്ങളുടെയും അളവ് അനുസരിച്ച് വനം വകുപ്പിൽ നിലവിലുള്ള ഷെഡ്യൂൾ നിരക്ക് പ്രകാരം മൂല്യം കണക്കാക്കാവുന്നതാണ്. വനം വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ സ്വകാര്യ ഭൂമിയിൽ (വയനാട് കോളോണൈസേഷൻ സ്കീമിലെ പട്ടയഭൂമിയിൽ) നിൽക്കുന്ന 1500-ൽപ്പരം മരങ്ങൾക്ക് ഏകദേശം 18 കോടി രൂപ വിലമതിക്കുന്നതാണ്. |

V.Beena

സെക്ഷൻ ഓഫീസർ